ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: വളരെ കുറഞ്ഞ ഒരുവിഭാഗം ആളുകളെ മാത്രം ഫീസ് കൊടുത്താൽമതി എന്നുള്ളതുകൊണ്ടും ഈ ഫീസ് വളരെ തുച്ഛമായ ഒരു തുക മാത്രമായതുകൊണ്ടും അതുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ സൗജന്യമുപയോഗിച്ച് എടുത്തുകളയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഗവൺമെൻറിന്റെ ഇപ്പോഴത്തെ സ്ഥിതിയെ സംബന്ധിച്ചിടത്തോളം തുച്ഛമായ തുക എന്നു പറയുന്നത് നമ്മുടെ രാജ്യത്തെ വരുമാനത്തെ സംബന്ധിച്ചിടത്തോളം ശരിയായിരിക്കുകയില്ല. ഇതൊരു നയപരമായ പ്രശ്നമാണ്. ഇതേ സംബന്ധിച്ച് ഗവൺമെൻറ് തീരുമാനമെടുത്തിട്ടില്ല.

ശ്രീ. എ. വി. കുട്ടിക്കൃഷ്ണൻനായർ: ഫീസ് എടുത്തുകളയുന്ന നഷ്ടം നികത്തുന്നതിനുവേണ്ടി സർച്ചാർജ്ജ് ചുമത്താൻ ആലോചനയുണ്ടെന്നു പറയുകയുണ്ടായി. അത് എന്തായി?

ശ്രീ. സി. എച്ച് മുഹമ്മദ്കോയ: അങ്ങനെയുള്ള സർച്ചാർജ്ജ് ചുമത്തുന്നതിനെ സംബന്ധിച്ചുള്ള തീരുമാനമൊന്നുമായിട്ടില്ല.

ശ്രീ. എം. കൃഷ്ണൻ: പരീക്ഷാ ഫീസ് നിറുത്തലാക്കുന്നതുകൊണ്ട് ഗവൺമെൻറിന് എത്ര സംഖ്യ നഷ്ടം വരുമെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ആണ്ടുതോറും കൂടിക്കൂടി വരുന്ന ഒരു സംഖ്യയാണ്. ഒരു വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം ഏകദേശം 20, 25 രൂപയോളം പരീക്ഷയ്ക്ക് ഗവൺമെൻറ് ചെലവാക്കുന്നുണ്ട്. പെർമനൻറ് ഡിപ്പാർട്ട്മെൻറ് എന്നുള്ള ചെലവു കൂടാതെയാണ് ഇത്.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ: ഈ ചോദ്യത്തിലെ 'ഡി' യെ സംബന്ധിച്ച് എന്തു നടപടിയെടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതു നയപരമായ പ്രശ്നമാണ് അതേസംബന്ധിച്ച് തീരുമാനമൊന്നുമായിട്ടില്ല.

## ബീയർ നിർമ്മാണ ഫാക്ടറി

* 85. [823] ശ്രീ. പി. പി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഒരു ബീയർ നിർമ്മാണ ഫാക്ടറി നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധമായ നടപടികളെത്രത്തോളമായെന്നു വിശദമാക്കാമോ?

വ്യവസായവും തൊഴിലുംമന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ഉണ്ട്.

(ബി) എത്രയും വേഗം ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. പി. പി. ജോർജ്ജ്: ഈ ഫാക്ടറിക്കു വേണ്ടതായ മൂലധനം ഇറക്കുന്നത് ആരാണെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ: ഇൻഡ്യാ ഗവൺമെൻറ് ഒരു ലറർ ആഫ് ഇൻറൻറ് കൊടുത്തിട്ടുണ്ട്. അതു കൊടുത്തിരിക്കുന്നത്, ശ്രീ. കെ. പി. ഗോപിനാഥ്, കൃഷ്ണവിലാസം, തയ്ക്കാട് എന്ന ഒരാളിനാണ്.

ശ്രീ. പി. പി. ജോർജ്ജ്: ഈ ഫാക്ടറി സ്ഥാപിതമായാൽ എത്ര പേർക്കു തൊഴിൽ ലഭിക്കുമെന്നുള്ളതിനെ സംബന്ധിച്ചു പറയാൻ കഴിയുമോ?

ശ്രീ.പി. രവീന്ദ്രൻ: 390 ആളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുമെന്നാണു കണക്കാക്കിയിട്ടുള്ളത്.

ശ്രീ. പി. പി. ജോർജ്ജ്: ബീയറിൻെറ അസംസ്കൃതോൽപ്പന്നമായ ബാർലി കൃഷി ചെയ്യുന്നതിനുവേണ്ടി വല്ല സ്ഥലവും ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ? അതു സംബന്ധിച്ച് ഗവൺമെൻറ് എന്തു നടപടി എടുത്തിട്ടുണ്ടെന്നും പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: ബാർലി കൃഷി ചെയ്യുന്നതിന് 400 ഏക്കർ വനഭൂമി കൊടുക്കണമെന്ന് അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഗവൺമ്മെൻറിൻെറ പരിഗണയിലിരിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: ഒരു അപേക്ഷകൻ മാത്രമേയുള്ളോ, ഒന്നിലധികം അപേക്ഷകൻമാർ ഉണ്ടായിരുന്നോ? ഈ ഫാക്ടറിയെ സംബന്ധിച്ച് രണ്ടു ഫാക്ടറി അനുവദിക്കുന്നുവെന്നു ഗവർണ്ണറുടെ പ്രസംഗത്തിൽ കാണുകയുണ്ടായി. അതുസംബന്ധിച്ചുള്ള നിലയെന്താണ്?

ശ്രീ. പി. രവീന്ദ്രൻ: രേഖയിൽ ഒരു അപേക്ഷകനേ കാണുന്നുള്ളൂ. മറൊരു അപേക്ഷകൻകൂടി ഇൻഡ്യാഗവൺമെൻറിൻെറ മുൻപിൽ ഉണ്ടെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

ശ്രീ. ജോർജ്ജ് തോമസ്: ഗോപിനാഥിന് ഇതുപോലുള്ള മറ്റു വ്യവസായങ്ങളിൽ എന്തെങ്കിലും ബന്ധമുണ്ടോ? അദ്ദേഹത്തിന് ഇങ്ങനെ ഇൻറൻറ് കൊടുക്കാനുള്ള സാഹചര്യം എന്താണെന്നു പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: അദ്ദേഹം ഈ ഫാക്ടറി നടത്താൻ തയ്യാറാണെന്ന് ഇൻഡ്യാ ഗവൺമെൻറിനെ അറിയിച്ചു. ഇൻഡ്യാ ഗവൺമെൻറ് ലറർ ആഫ് ഇൻറൻറ് കൊടുത്തു. മറ്റു കമ്പനികളുമായി ബന്ധമുണ്ടോ ഇല്ലയോ എന്നു പറയാനുള്ള രേഖ എൻെറ കൈവശമില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: 'ബീർ' എന്നുള്ള വാക്ക് മലയാളത്തിലുണ്ടോ? ബീർ എന്നുള്ള സാധനമുണ്ടോ? അങ്ങനെയുള്ള ഒരു വാക്ക് മലയാളത്തിൽ അച്ചടിച്ചുവച്ചിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ബീയർ എന്നാണു നാം സാധാരണ പറയാറുള്ളത്. അതേപ്പറ്റി എനിക്കു വളരെ നിശ്ചയം പോരാ.

ശ്രീ. കെ. കരുണാകരൻ: രണ്ട് അപേക്ഷകർ ഉണ്ടെന്നു പറഞ്ഞു. ആർക്കെങ്കിലുംവേണ്ടി പ്രത്യേകമായി കേരള ഗവൺമെൻറ് ശുപാർശചെയ്തിട്ടുണ്ടോ? അതോ രണ്ടുപേർക്കും കൊടുക്കാനാണോ ശുപാർശ ചെയ്തിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ: എന്റെ കൈവശമുള്ള, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ള രേഖകളിൽ കാണുന്നതു്, ശ്രീ. ഗോപി നാഥനുവേണ്ടി ശുപാർശ ചെയ്തിട്ടുണ്ടെന്നാണ്.

ശ്രീ. കെ. ഐ. രാജൻ: ഈ ഫാക്ടറി സ്ഥാപിക്കുന്നതിനു പീരുമേട്ടിലുള്ള കട്ടിക്കാനമായിരുന്നു തിരഞ്ഞെടുത്തത്. അവിടെ നിന്നു മാറാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: കോട്ടയത്ത് പീരുമേട്ടിൽത്തന്നെ ആണ് ഇതു സ്ഥാപിക്കാൻ പോകുന്നത്.

ശ്രീ. ടി. കെ. കൃഷ്ണൻ: ബീയർ ഫാക്ടറി വരുകയാണെങ്കിൽ കള്ളുഷാപ്പുകൾക്കും ആ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കും ദോഷകരമായി ഭവിക്കുമെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ദോഷകരമായി ഭവിക്കുകയില്ലെന്നു മാത്രമല്ല ബിയറിനു ധാരാളം ചെലവുണ്ടാകുമെന്നുമാണു കണക്കാക്കിയിട്ടുള്ളത്.

ശ്രീ. ടി. കെ. കൃഷ്ണൻ: ബീയർ പ്രചരണത്തിനു വരികയാണെങ്കിൽ കള്ളുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ചെത്തുതൊഴിലാളികളെ അതു ബാധിക്കുകയില്ലേ?

ശ്രീ. പി. രവീന്ദ്രൻ: ബാധിക്കുകയില്ല.

ശ്രീ. എം. എം. തോമസ്: ഈ ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞാൽ ബീയർ എന്തു വിലയ്ക്കു കൊടുക്കാൻ കഴിയുമെന്നു പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: വിലയെ സംബന്ധിച്ച് ഇപ്പോഴം തിട്ടപ്പെടുത്തിയിട്ടില്ല.

ശ്രീ. കെ. എം. മാണി: ഈ ബീയർ ഫാക്ടറി തുടങ്ങുന്നതിന് കാലതാമസം വന്നിട്ടുള്ളതിന്റെ കാരണമെന്താണ്? എന്തെങ്കിലും തടസ്സങ്ങളം ഇതിന്റെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ലറർ ആഫ് ഇൻറൻറ് കൊടുത്തത് 1969 ഫെബ്രുവരിയിലാണ്. അതിനുശേഷം അപേക്ഷകൻ ലൈസൻസ് കിട്ടണമെന്നു കാണിച്ച് സെൻട്രൽ ഗവൺമെൻറിന് അപേക്ഷ കൊടുത്തിട്ടുണ്ട്. അത് ഇൻഡ്യാ ഗവൺമെൻറിന്റെ പരിഗണനയിലായിലിരിക്കുകയാണ്. താമസിയാതെ അതിന് ലൈസൻസ് കിട്ടുമെന്നാണു പ്രതീക്ഷിക്കുന്നത്.

ശ്രീ. ടി. എം. മീതിയൻ: വാഴക്കുളത്ത് ഒരു ബീയർ ഫാക്ടറി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടായിരുന്നു. അതിന്റെ പ്രവർത്തനം എന്നു ആരംഭിക്കുവാൻ കഴിയുമെന്നു വിശദമാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അതു പ്രത്യേകം ഒരു ചോദ്യമായി ചാദിക്കണം.

ശ്രീ. കെ. ടി. ജോർജ്ജ്: ഈ ഫാക്ടറിക്കുവേണ്ടി രണ്ടു അപേക്ഷകരുണ്ടായിട്ട് ഒരു പ്രത്യേക വ്യക്തിക്കുമാത്രം ലറർ ആഫ് ഇൻറൻറ് കൊടുക്കുന്നതിനു തീരുമാനമെടുക്കാനുള്ള കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ: ഞാൻ നേരത്തെ പറഞ്ഞു, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ള രേഖകളിൽ ഒരു അപേക്ഷകന്റെ കാര്യം മാത്രമേ കാണുന്നുള്ളൂ എന്ന്.

ശ്രീ. ജോർജ്ജ് തോമസ്: ഗോപിനാഥിനു ലാറർ ആഫ് ഇൻറൻറ് കൊടുക്കണമെന്നു ഇവിടെത്തെ ഗവൺമെന്റ ശുപാർശ ചെയ്തിരുന്നതായി പറഞ്ഞു. അതിനുള്ള പ്രത്യേകമായ സാഹചര്യം എന്താണെന്നു പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: അദ്ദേഹം ഗവൺമെന്റിനു നൽകിയ ഫീസ്വാബിലിറ്റി റിപ്പോർട്ട് പരിശോധിച്ചുനോക്കിയതിനുശേഷം അതു പ്രായോഗികമാണെന്നുകണ്ടു. അതുകൊണ്ട് അദ്ദേഹത്തിനു കൊടുക്കണമെന്നു പറഞ്ഞു.

## തേക്കടി വന്യമൃഗ സങ്കേതം

* 86. (324) ശ്രീ. എം. കെ. എ. ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) തേക്കടി വന്യമൃഗസങ്കേതം അഭിമുഖീകരിക്കുന്ന ഗുരുതരമായ ചില പ്രശ്നങ്ങളെ ക്കുറിച്ച് ഒരു അന്താരാഷ്ട്ര വിദഗ്ദ്ധസംഘം പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിന്റെ വെളിച്ചത്തിൽ ഗവൺമെൻറ് നടപടികൾ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): (എ) ഉണ്ട്.

(ബി) കമ്മീഷന്റെ പ്രധാനപ്പെട്ട ശുപാർശകളിൽ ഒന്ന്, ഈ വന്യമൃഗസങ്കേതത്തിന്റെ നടത്തിപ്പും വികസനത്തിനുംവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നായിരുന്നു. അതനുസരിച്ചു തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ 13–12–69–ൽ തേക്കടിയിൽവച്ചു ടൂറിസ്റ്റുവകുപ്പിന്റെ ചാർജുകൂടി വഹിക്കുന്ന വിദ്യാഭ്യാസ ആഭ്യന്തരവകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒരു കോൺഫറൻസിൽ ചർച്ച നടത്തുകയും പ്രധാനപ്പെട്ട ചില തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഈ തീരുമാനങ്ങൾ നടപ്പിലാക്കാൻ നടപടികൾ എടുത്തുവരുന്നുണ്ട്.

ശ്രീ. എം. കെ. എ. ഹമീദ്: ഈ തീരുമാനങ്ങളുടെ വിശദാംശങ്ങൾ എന്താണെന്നു ദയവുചെയ്തു പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: കമ്മീഷൻ തേക്കടിയെസംബന്ധിച്ച് സമഗ്രമായി പഠിക്കുകയും വളരെയധികം ശുപാർശകൾ നൽകുകയും ചെയ്തിരുന്നു. ഈ ശുപാർശകളിൽ ഒന്ന്, മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്നുള്ളതായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണു ചില തീരുമാനങ്ങൾ എടുത്തിട്ടുള്ളത്. നിരവധി തീരുമാനങ്ങളുണ്ട്. വളരെ പ്രധാനപ്പെട്ട ഒന്നു രണ്ടു തീരുമാനങ്ങൾമാത്രം ഞാൻ പറയാം. തിരുവനന്തപുരം–പമ്പാ റോഡ് ആയൂർ, അഞ്ചൽ, പുനലൂർ, മാന്നാർ കുഴഞ്ഞി, പ്ലാപ്പള്ളി, മൂഴിയാർ, കക്കിവഴിയിലുള്ളത് നന്നാക്കണമെന്നും അതിൽ 7 മീറ്റർവീതിയിൽ ടാർ ചെയ്യണമെന്നും തീരുമാനിച്ചിട്ടുണ്ട്. മൂഴിയാർ ഗസ്റ്റ് ഹൗസ് നന്നാക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്. തേക്കടി വന്യമൃഗ സങ്കേതം ഒരു നാഷനൽ പാർക്കായി വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കണമെന്നും സമ്മേളനത്തിൽ തീരുമാനിച്ചു. കുമളി–തേക്കടി റോഡിന്റെ വീതി കൂട്ടണമെന്നും 15 ഓബ്സർവേഷൻ പോസ്റ്റ് വിവിധ സ്ഥലങ്ങളിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ സ്ഥാപിക്കണമെന്നും

LIBRARY ARCHIVES Kerala Legislative Assembly